| പതിമൂന്നാം കേരള നിയമസഭ | | |
|---|---|---|
| **ഏഴാം സമ്മേളനം** | | |
| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1083 | | 08-02-2013 - ൽ മറുപടിക്ക് |
| **<u>സ്റ്റുഡന്റ് പോലീസ് പദ്ധതി</u>** | | |
| ചോദ്യം | | ഉത്തരം |
| ശ്രീ. പി. ശ്രീരാമകൃഷ്ണൻ | | ശ്രീ.പി.കെ.അബ്ദു റബ്ബ്<br>(വിദ്യാഭ്യാസ വകുപ്പ് മന്ത്രി) |
| (എ) കേരളത്തിൽ സ്റ്റുഡന്റ് പോലീസ് പദ്ധതിയിൽ ഏതു വർഷം മുതലുള്ള കുട്ടികൾക്കാണ് 10-ാം ക്ലാസ് പരീക്ഷയ്ക്ക് ഗ്രേസ് മാർക്ക് അനുവദിക്കുന്നത് എന്ന് വിശദമാക്കാമോ; ഇതിനായി പ്രത്യേക ഉത്തരവിറക്കിയിട്ടുണ്ടോ;<br><br>(ബി) 2013 മാർച്ചിൽ എസ്.എസ്.എൽ.സി പരീക്ഷ എഴുതുന്ന പ്രസ്തുത പദ്ധതിയിലുള്ള കുട്ടികൾക്ക് ഗ്രേസ് മാർക്ക് അനുവദിക്കുമോ;<br><br>(സി) സ്റ്റുഡന്റ് പോലീസ് പദ്ധതിയിലെ ആദ്യ ബാച്ചിലെ കുട്ടികൾക്ക് ഗ്രേസ്മാർക്ക് കിട്ടാതെ പോകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;<br><br>(ഡി) ഇവർക്കുകൂടി ഗ്രേസ് മാർക്ക് ലഭിക്കുന്ന തരത്തിൽ പ്രത്യേക ഉത്തരവിറക്കുമോ? | (എ) യും (ബി) യും (സി) യും (ഡി) യും | 24.03.2012-ലെ സ.ഉ(കൈ)87/12/പൊ.വി.വ ഉത്തരവ് പ്രകാരം സ്കൂൾ തലത്തിൽ എൻ.സി.സി-യിൽ പേര് ചേർത്തിട്ടുള്ള മുഴുവൻ വിദ്യാർത്ഥികൾക്കും അതുപോലെ തന്നെ 20.04.2012ലെ സ.ഉ(കൈ)125/12/പൊ.വി.വ സർക്കാർ ഉത്തരവ് പ്രകാരം ഹയർ സെക്കണ്ടറി, വൊക്കേഷണൽ ഹയർ സെക്കണ്ടറി തലങ്ങളിൽ എൻ.സി.സി-യിൽ പേര് ചേർത്തിട്ടുള്ള മുഴുവൻ വിദ്യാർത്ഥികൾക്കും 75% ഹാജർ നില വച്ചുകൊണ്ട് 5% ഗ്രേസ് മാർക്കും, ദേശീയ തലത്തിൽ നേട്ടം കൈവരിച്ചിട്ടുള്ള വിദ്യാർത്ഥികൾക്ക് 10% ഗ്രേസ് മാർക്കും അനുവദിച്ചുകൊണ്ട് സർക്കാർ ഉത്തരവായി. 04.08.2012ലെ സ.ഉ(കൈ)214/12/ആഭ്യന്തരം നമ്പർ സർക്കാർ ഉത്തരവ് പ്രകാരം മേൽ സൂചിപ്പിച്ച വിധം ഗ്രേസ് മാർക്ക് സ്റ്റുഡന്റ് പോലീസ് കേഡറ്റുകളായ എസ്.എസ്.എൽ. സി, ഹയർ സെക്കണ്ടറി വിദ്യാഭ്യാസം (+2), വൊക്കേഷണൽ ഹയർ സെക്കണ്ടറി വിദ്യാഭ്യാസം |

| | | |
|---|---|---|
| | | വിദ്യാർത്ഥി വിദ്യാർത്ഥിനി-കൾക്കും നൽകുന്നതിന് ഉത്തരവായിട്ടുണ്ട്. മേൽ വിവരിച്ച പ്രകാരം സർക്കാർ ഉത്തരവുകൾ പുറപ്പെടുവി-ച്ചുവെങ്കിലും ഇത് ഏത് വർഷം മുതൽ നടപ്പിലാക്കണമെന്ന കാര്യം ആഭ്യന്തര വകുപ്പിന്റെ പരിശോധനയിലാണ്. |

സെക്ഷൻ ഓഫീസർ